മൺപാത്ര നിർമ്മാണ വ്യവസായം

189 (5079) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മൺപാത്ര നിർമ്മാണവ്യവസായം തകർച്ചയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വ്യവസായം സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ;

(സി) പരമ്പരാഗത മൺപാത്ര നിർമ്മാണത്തൊഴിലാളികൾക്ക് കളിമണ്ണു പയോഗിച്ചുള്ള അലങ്കാര വസ്തു നിർമ്മാണത്തിൽ പരിശീലനം നൽകി പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മൺപാത്ര നിർമ്മാണത്തിന് അനുയോജ്യമായ കളിമൺ ഖനനം ചെയ്യുന്നതിനുള്ള തടസ്സങ്ങളാണ് ഈ വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധി. അത് പരിഹരിക്കുന്നതിന് സർക്കാരിന്റെ 5-4-2010-ലെ ജി.ഒ. (എം.എസ്) നം.83/2010/വ്യവ. ഉത്തരവ് പ്രകാരം മൈനിംഗ് പെർമിറ്റ് നൽകുന്ന വ്യവസ്ഥകളിൽ ചില ഭേദഗതികൾ വരുത്തിയിട്ടുണ്ട്. അത് പ്രകാരം മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് കളിമൺ നിക്ഷേപമുള്ളതായി പുതിയതായി കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങൾ അതാത് പ്രദേശങ്ങളിലെ പഞ്ചായത്ത് പ്രസിഡന്റ്, അസിസ്റ്റന്റ് ഡയറക്ടർ (അഗ്രികൾച്ചർ), ജിയോളജിസ്റ്റ് എന്നിവർ പരിശോധിച്ച് അസസ്മെന്റ് നടത്തി പുതുക്കിയ ലിസ്റ്റ് അതാത് ജില്ലാ കളക്ടർമാർക്ക് സമർപ്പിക്കേണ്ടതും കളക്ടർമാർ നൽകുന്ന അനുമതിയുടെ അടിസ്ഥാനത്തിൽ ജില്ലാ ജിയോളജിസ്റ്റ് മൈനിംഗ് പെർമിറ്റ് നൽകേണ്ടതുമാണ്. മൺപാത്ര നിർമ്മാണ വ്യവസായത്തിന് ആവശ്യമായ വിറക് ലഭ്യമാക്കാൻ വനം വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മൺപാത്ര തൊഴിലാളികൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിന് വ്യവസായ വകുപ്പും അനുബന്ധ ഏജൻസികളും സംഘടിപ്പിക്കുന്ന വിപണന മേളകളിൽ അതിന്റെ പ്രദർശന വിൽപ്പനയ്ക്ക് സൗകര്യം നൽകുന്നുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

അസിസ്റ്റന്റ് ജിയോളജിസ്റ്റിന്റെ ഡ്യൂട്ടികൾ

190 (5080) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ അസിസ്റ്റന്റ് ജിയോളജിസ്റ്റിന്റെ ഡ്യൂട്ടികൾ അസൈൻ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ന് മുതലാണ് ഇത് പ്രാബല്യത്തിലുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അസൈൻ ചെയ്ത ഡ്യൂട്ടികളുടെ കോപ്പി സഹിതം വിവരങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ഡ്യൂട്ടികൾ അസൈൻ ചെയ്തിട്ടില്ലെങ്കിൽ അവ അസൈൻ ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

13-11-1997-ലെ. ജി.ഒ.(എംഎസ്.)167/97/വ്യവ. നമ്പറിലെ എസ്.ആർ.ഒ 917/97 നോട്ടിഫിക്കേഷൻ പ്രകാരവും 17-11-1997-ലെ നോട്ടിഫിക്കേഷൻ നമ്പർ 10703/എം1/97-3 പ്രകാരവും മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ അസിസ്റ്റന്റ് ജിയോളജിസ്റ്റിന്റെ ഡ്യൂട്ടികൾ അസൈൻ ചെയ്തിട്ടുണ്ട്.

(ബി) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ അസിസ്റ്റന്റ് ജിയോളജിസ്റ്റുമാർ ജില്ലാ ആഫീസുകളിലും, ഡയറക്ടറേറ്റിലെ ധാതു പര്യവേക്ഷണ വിഭാഗത്തിലും ജോലി ചെയ്യുന്നുണ്ട്. ജില്ലാ ആഫീസിൽ ജോലി ചെയ്യുന്ന അസിസ്റ്റന്റ് ജിയോളജിസ്റ്റുകൾക്ക് 1957-ലെ മൈൻസ് ആന്റ് മിനറൽസ് ഡെവലപ്മെന്റ് & റഗുലേഷൻ ആക്ടും ആയതിനോടനുബന്ധിച്ചുള്ള ചട്ടങ്ങൾക്കും അനുസൃതമായി ധാതുക്കളുടെ അനധികൃത ഖനനം, സൂക്ഷിപ്പ്, കടത്ത് എന്നിവക്കെതിരെ നടപടി സ്വീകരിക്കാനും നിയമ ലംഘനങ്ങൾക്ക് നിയമ നടപടി സ്വീകരിക്കുവാനും ധാതുക്കൾക്ക് മൂവ്മെന്റ് പെർമിറ്റ് നൽകുവാനും അധികാരം ഉണ്ട്. ധാതുക്കൾക്ക് മൂവ്മെന്റ് പെർമിറ്റ് നൽകുവാനുള്ള അധികാരം ജിയോളജിസ്റ്റിന്റെ അഭാവത്തിൽ മാത്രമേ അസിസ്റ്റന്റ് ജിയോളജിസ്റ്റ് വിനിയോഗിക്കാറുള്ളൂ. ധാതു പര്യവേഷണ വിഭാഗത്തിൽ ജോലി ചെയ്യുന്ന അസിസ്റ്റന്റ് ജിയോളജിസ്റ്റുകൾക്ക് ധാതു പര്യവേഷണ ജോലികളിൽ ഏർപ്പെട്ട് റിപ്പോർട്ട് സമർപ്പിക്കുന്ന ചുമതലയാണുള്ളത്. ഈ ചുമതല ഡയറക്ടർ നൽകുന്ന നിർദ്ദേശ പ്രകാരമാണ് നിർവ്വഹിക്കുന്നത്. ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഉദിക്കുന്നില്ല.

കരകൗശല വികസന കോർപ്പറേഷന്റെ വിൽപ്പനശാലകൾ

191 (5081) ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരകൗശല വികസന കോർപ്പറേഷന്റെ വിൽപ്പനശാലകളിലൂടെ പ്രതിവർഷം വിൽക്കുന്ന ഉൽപ്പന്നങ്ങളിൽ കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്നത് എത്ര ശതമാനം എന്നും മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ളത് എത്ര ശതമാനം എന്നും വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly